**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1878** **11-10-2024 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന കുടിവെള്ള പദ്ധതിക്ക് തുക അനുവദിക്കുന്ന സ്കീം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | **നിലവിലില്ല. എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പൈപ്പിലൂടെ കുടിവെള്ള കണക്ഷൻ നൽകുന്നതിന് തുടങ്ങിയ ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നതിനാലും അമൃത്, കിഫ്ബി, ആർ.കെ.ഐ, ജലനിധി, എന്നീ പദ്ധതികളിലുൾപ്പെടുത്തി കുടിവെള്ള കണക്ഷൻ നൽകുന്നതിനാലും, നടപ്പ് വർഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന കുടിവെള്ള പദ്ധതിക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.** |
| (ബി) | കേരളാ വാട്ടർ അതോറിറ്റിയിൽ, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവഴിക്കാതെ ബാക്കി കിടക്കുന്ന തുക എത്രയാണെന്നും പ്രസ്തുത തുക ഉപയോഗപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ? | (ബി) | കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ കണക്ക് പ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 743.11/-ലക്ഷം രൂപയാണ് നിലവിൽ ബാക്കിയുള്ളത്. നിലവിൽ നടന്നു വരുന്ന പ്രവൃത്തികളുടെ ബിൽ സെറ്റിൽമെന്റിന് ശേഷം തുക ബാക്കിയുണ്ടെങ്കിൽ പ്രസ്തുത തുക ഉപയോഗപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ